പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനഞ്ചാമത് റിപ്പോർട്ട്

[സ്വകാര്യ മേഖലയിലെ ഐ.ടി. കമ്പനികളിലെ വനിതാ ജീവനക്കാരുടെ പൊതുവായ പ്രശ്നങ്ങളെക്കുറിച്ചുള്ള സ്പെഷ്യൽ റിപ്പോർട്ട്]

(2021 ജനുവരി മാസം 12-ാം തീയതി സമർപ്പിച്ചത്)

418/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ, സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ വ്യാപകമായതോടെ വിജ്ഞാനാധിഷ്ഠിതമായ ഐ.ടി. മേഖല രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ശക്തി സ്രോതസ്സായി മാറി. സവിശേഷമായ തൊഴിൽ സാഹചര്യങ്ങളും തൊഴിൽ ലഭ്യതയും ആകർഷകമായ വേതനവും വിദ്യാസമ്പന്നരായ വനിതകളെ ഐ. ടി. വ്യവസായ മേഖലയിലേയ്ക്ക് കൂടുതൽ ആകൃഷ്ടരാക്കുന്നു. എന്നാൽ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഐ. ടി. വ്യവസായ മേഖല നൽകുന്ന സാമ്പത്തിക നേട്ടങ്ങൾക്കൊപ്പം സ്ത്രീജീവനക്കാർക്ക് നേരെ നടന്നുവരുന്ന വിവിധ തരത്തിലുള്ള തൊഴിൽ ചൂഷണങ്ങളും ലിംഗവിവേചനങ്ങളും തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനവും സംബന്ധിച്ച നിരവധി പരാതികൾ സമിതിയ്ക്ക് ലഭിക്കുകയുണ്ടായി. അതേത്തുടർന്ന് സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് സമിതി വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും ഇതിനോടനുബന്ധിച്ച് 7-1-2020-ൽ തൊഴിൽ, ഐ.ടി., സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി അന്നേ ദിവസം തന്നെ തിരുവനന്തപുരം ടെക്നോപാർക്ക് സന്ദർശിച്ച് പാർക്ക് അധികൃതർ, വിവിധ വനിതാ ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ, പരാതിക്കാർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും ഐ. ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം അവരുടെ സാമൂഹ്യ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും ഉതകുന്ന ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ 27-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

ശാസ്ത്ര സാങ്കേതികവിദ്യാ രംഗങ്ങളിൽ അമ്പരപ്പിക്കുന്ന മാറ്റങ്ങളാണ് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, മെഷീൻ ലേണിംഗ്, വെർച്വൽ റിയാലിറ്റി, ബ്ലോക്ക് ചെയിൻ, കോഗ്നിറ്റീവ് ഫാബ്രിക്സ്, സ്പെയ്സ് ആപ്ലിക്കേഷൻ, സിന്തറ്റിക് ബയോളജി, സൈബർ സെക്യൂരിറ്റി, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഓഗ്മെന്റൽ റിയാലിറ്റി തുടങ്ങിയ സാങ്കേതികവിദ്യ മേഖലകൾ ലോകത്തെ ഏറെ സ്വാധീനിക്കുന്നു. ഈ സാങ്കേതികവിദ്യാ മുന്നേറ്റത്തിൽ ലോകം ചെറുതായി വരുകയും കണക്റ്റിവിറ്റിയുടെ അനന്ത സാദ്ധ്യതകൾ വർദ്ധിച്ചുവരുകയും ചെയ്യുന്നു. ഇതുവരെയില്ലാതിരുന്ന പല തൊഴിൽ മേഖലകളും ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയോടെ പുതുതായി രൂപപ്പെട്ടുവരുന്നു.

ഭാരതം ഇന്ന് ലോകത്തെ അഞ്ചാമത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാണ്. രാജ്യത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു തൊഴിൽ മേഖലയാണ് വിജ്ഞാന അധിഷ്ഠിതമായ ഐ.ടി. വ്യവസായം. ഇന്ത്യയെ ഗ്രാമീണ, കാർഷിക അധിഷ്ഠിത സാമ്പത്തിക പ്രക്രിയയിൽ നിന്ന് വിജ്ഞാനാധിഷ്ഠിത സാമ്പത്തിക ശക്തിയാക്കി പരിവർത്തനപ്പെടുത്തുന്നതിന് ഐ.ടി. വ്യവസായ മേഖല മുഖ്യ പങ്കാണ് വഹിക്കുന്നത്. മൂന്നോ നാലോ പതിറ്റാണ്ട് മുമ്പ് നമ്മുടെ ഭാവനയിൽ പോലുമില്ലാതിരുന്ന ഐ.ടി. തൊഴിൽ മേഖല ഇന്ന് രാജ്യത്തിന്റെ സാമ്പത്തിക സ്രോതസ്സിന്റെ നട്ടെല്ലായി മാറിയിരിക്കുന്നു. അതോടൊപ്പം വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതത്തെ ഇത് ഗുണകരമായി സ്വാധീനിച്ചു. മനുഷ്യവിഭവ വികസന രംഗത്ത് ഏറെ മുന്നിലുള്ള നമ്മുടെ രാജ്യമാണ് കഴിഞ്ഞ ഒരു ദശാബ്ദമായി ലോകത്തിലെ വിജ്ഞാനാധിഷ്ഠിത വിവരസാങ്കേതികവിദ്യാ രംഗത്തെ പ്രധാന ചാലകശക്തി.

(2) 1998-ൽ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ തുലോം പരിമിതമായ 1.2 ശതമാനമായിരുന്ന ഐ.ടി. മേഖല 2017 ആയപ്പോഴേയ്ക്കും 7.9% ആയി വർദ്ധിച്ചു. ഐ.ടി. വ്യവസായ മേഖലയിലെ സോഫ്റ്റ്‌വെയർ സേവനദാതാക്കളുടെ സംഘടനയായ നാസ്കോം (NASSCOM)-ന്റെ കണക്കുകൾ പ്രകാരം 180 മില്ല്യൺ അമേരിക്കൻ ഡോളറിന്റെ മൂല്യമുള്ള ഇന്ത്യൻ ഐ.ടി. വ്യവസായ മേഖല 40.1 ലക്ഷം പേർക്കാണ് തൊഴിൽ നൽകുന്നത്.

(3) സാമൂഹിക സാമ്പത്തിക വളർച്ചയ്ക്കും മനുഷ്യക്ഷേമത്തിനും വ്യവസായങ്ങളുടെ വികസനവും സേവനങ്ങളുടെ വ്യാപനവും നിർണ്ണായക ഘടകമാണ്. ഇത് ജനങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം സൃഷ്ടിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലായ്മ ചെയ്യുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായിക്കുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ

വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവരവിനിമയ സാങ്കേതികവിദ്യ. കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽ സേനയ്ക്ക് അനുയോജ്യമായ തൊഴിലിടം വിജ്ഞാന അധിഷ്ഠിതമായ ഐ.ടി. മേഖലയാണെന്ന് നാം തിരിച്ചറിഞ്ഞു. ഐ.ടി. വ്യവസായ സംരംഭങ്ങളുടെ വ്യാപനം കേരളത്തിന്റെ സാമൂഹിക സാമ്പത്തിക അടിസ്ഥാനസൗകര്യ അന്തരീക്ഷത്തിൽ മാറ്റം അനിവാര്യമാക്കി. സമ്പൂർണ്ണ വികസന ലക്ഷ്യസാക്ഷാത്കാരത്തിന് വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയിലേയ്ക്കുള്ള പരിവർത്തനം സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും പുരോഗമനത്തിന്റെയും പ്രഖ്യാപനം കൂടിയാണ്. രാജ്യത്തെ ഐ.ടി. ഡെസ്റ്റിനേഷനായ കേരളത്തിലെ 183 എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നായി അരലക്ഷത്തോളം പേർ പ്രതിവർഷം സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടി പുറത്തിറങ്ങുന്നു. ഒരു ഐ.ടി. കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള നടപടികളാണ് നിരന്തരം സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിലെ വിവരസാങ്കേതിക മേഖല സുസ്ഥിരമായ വളർച്ചയാണ് രേഖപ്പെടുത്തുന്നത്. ഇന്ത്യയിലെത്തന്നെ ആദ്യത്തെ ഐ.ടി. പാർക്കായ ടെക്നോപാർക്ക് 1990-ൽ നിലവിൽ വന്നത് കേരളത്തിലാണ്. കൂടാതെ 2016 ഫെബ്രുവരിയിൽ രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടതും നമ്മുടെ സംസ്ഥാനത്തെയാണ്. 2017-ലെ വിവരസാങ്കേതികവിദ്യാ നയമാകട്ടെ കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സമൂഹമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമായി കേരളത്തെ ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയുണ്ടായി. ഉയർന്ന ആരോഗ്യ ജീവിത സൂചികയിൽ രാജ്യത്ത് മുന്നിൽ നിൽക്കുന്ന കേരളത്തിലാണ് രാജ്യത്തെ ഏറ്റവും ഉയർന്ന മിനിമം വേതനവും നിലവിലുള്ളതെന്ന് അഭിമാനാർഹമാണ്.

(4) കമ്പ്യൂട്ടറിന്റെ രംഗപ്രവേശം തൊഴിലവസരങ്ങൾ ഇല്ലാതാക്കുമെന്ന് ജനങ്ങൾ ആശങ്കപ്പെട്ടിടത്ത് നിന്നും നാടിന്റെ വികസനത്തിന് ഐ.ടി. മേഖലയുടെ പങ്ക് ഒഴിച്ചുകൂടാൻ കഴിയാത്തതാണെന്ന് കാലം തെളിയിച്ചിരിക്കുന്നു. 1998-ൽ ആദ്യമായി രൂപം നൽകിയ വിവരസാങ്കേതികവിദ്യാ നയം ഡിജിറ്റൽ സാങ്കേതികവിദ്യയിലും വിവരസാങ്കേതികവിദ്യയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴിയൊരുക്കി. ഇന്ന് ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതും ഏറ്റവും കൂടുതൽ വനിതാ ജീവനക്കാരുള്ളതും ഐ.ടി.മേഖലയിലാണ്. ഇപ്പോൾ സംസ്ഥാനത്തെ വിവിധ ഐ.ടി. പാർക്കുകളിലായി ഒരു ലക്ഷത്തോളം പേർ തൊഴിലെടുക്കുന്നു. ഇവരുടെ എണ്ണം രണ്ടു ലക്ഷമാക്കി ഉയർത്തുമെന്നുള്ള നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനവും തുടർനടപടികളും സംസ്ഥാനത്ത് ഈ തൊഴിൽ മേഖലയുടെ വ്യാപ്തി അനുദിനം വർദ്ധിയ്ക്കുന്നതിനും സഹായകമാകും.

(5) ഗുണനിലവാരമുള്ള മാനവശക്തി വികസിപ്പിക്കുക, ഐ.ടി. മേഖലയിൽ ആസന്നമായ ദ്രുതവികസനത്തിന് നേതൃത്വം നൽകുക, രാജ്യാന്തര സഹകരണത്തോടെ ഐ.ടി. വ്യവസായത്തിന് പ്രോത്സാഹനം നൽകുക എന്നീ ലക്ഷ്യങ്ങൾക്കായി തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (ഐ.ഐ.ഐ.ടി.എം.കെ.)യെ സംസ്ഥാനത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാലയായി ഉയർത്താൻ തീരുമാനിക്കപ്പെട്ടു. അന്താരാഷ്ട്ര നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കിയും 'എമർജിംഗ് കേരള' പോലുള്ള നിക്ഷേപ സംഗമ പരിപാടികൾ വഴിയും സംസ്ഥാനത്ത് ഐ.ടി. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നു. കേരള നിയമസഭയുടെ പ്രവർത്തനം 14-ാം കേരള നിയമസഭയുടെ 18-ാം സമ്മേളനത്തോടെ കടലാസ്സുരഹിതമാക്കി പൂർണ്ണമായും ഇ-നിയമസഭയിലേയ്ക്ക് പരിണമിക്കുന്നതും ഐ.ടി. മേഖലയുടെ അനന്ത സാധ്യതകളിലേയ്ക്കുള്ള ദിശാസൂചകമാണ്.

(6) കേരളത്തിന്റെ സമഗ്ര വികസനത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് 2017-ലെ ഐ.ടി. നയത്തിൽ 2.5 ലക്ഷം പുതിയ തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഒരുക്കാനായി ഒരു കോടി ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയ നിർമ്മിച്ച് ഐ.ടി. മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് പശ്ചാത്തല മൊരുക്കമെന്ന പ്രഖ്യാപനം ശുഭോദർക്കമാണ്. സംസ്ഥാനം പ്രഖ്യാപിച്ചിട്ടുള്ള ഐ.ടി. നയത്തിന്റെ ചുവടുപിടിച്ച് ഐ.ടി. പാർക്കുകളെ കൂടുതൽ ആകർഷകമാക്കിയതോടെ കൂടുതൽ കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ താൽപ്പര്യപ്പെടുന്നു. യുവത്വത്തിന്റെ സാങ്കേതിക മികവിനെ നാടിന്റെ പുരോഗതിക്ക് ഉപയോഗിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ അനുദിനം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

**സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ**

(7) വിവരസാങ്കേതികവിദ്യയുടെ വികസനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്ത് ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 1990-ൽ സർക്കാർ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് ഇലക്ട്രോണിക് ടെക്നോളജി പാർക്ക് അഥവാ ടെക്നോപാർക്ക്. ഇലക്ട്രോണിക്സ് വിവരസാങ്കേതികവിദ്യാ രംഗത്ത് ഇന്ത്യയിലെ തന്നെ ആദ്യത്തെ വ്യാവസായിക പാർക്കാണ് ടെക്നോപാർക്ക്. 1995 നവംബർ 12-ന് ഈ സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചു. വലിപ്പത്തിലും ജീവനക്കാരുടെ എണ്ണത്തിലും അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി. പാർക്കായി ഇത് മാറും.

കഴക്കൂട്ടത്തുള്ള 760 ഏക്കറിലായി അഞ്ച് ക്യാമ്പസ്സുള്ള ഇവിടത്തെ 97 ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയിൽ 452 കമ്പനികൾ പ്രവർത്തിക്കുന്നു. 60000 ജീവനക്കാർക്ക് നേരിട്ടും 150000 ആളുകൾക്ക് പരോക്ഷമായും ഈ സ്ഥാപനം തൊഴിൽ ലഭ്യമാക്കുന്നു. ഇതിൽ 25000 പേർ സ്ത്രീ ജീവനക്കാരാണ് (40%).

(8) ടെക്നോപാർക്കിനെ കൂടാതെ കേരളത്തിലെ രണ്ടാമത്തെ വലിയ ഐ.ടി. ഹബ്ബായ കൊച്ചിയിലെ ഇൻഫോപാർക്കിൽ 320 ഏക്കറിലായി 80 ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയിൽ പ്രവർത്തിക്കുന്ന 392 ഐ.ടി. കമ്പനികളിലായി 45000-ൽ അധികം ഐ.ടി. പ്രൊഫഷണലുകൾ ജോലി ചെയ്യുന്നു. ഇവരിൽ 20000 പേർ സ്ത്രീ ജീവനക്കാരാണ്. (44%) ഇൻഫോപാർക്കിന്റെ സ്പോക്കുകൾ ചേർത്തലയിലും തൃശ്ശൂരിലുമായി പ്രവർത്തിക്കുന്നു.

(9) ഉയർന്ന ഗുണനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി./ഐ.ടി.ഇ.എസ്./ഐ.ടി. കമ്പനികൾക്ക് ലഭ്യമാക്കുന്നതിന് കോഴിക്കോട് ആരംഭിച്ചതാണ് സൈബർ പാർക്ക്. സോഫ്റ്റ്‌വെയറുകളുടെയും സോഫ്റ്റ്‌വെയർ സേവനങ്ങളുടെയും കയറ്റുമതി സുഗമമാക്കുന്നതിനും മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സൈബർ പാർക്ക് ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർ പാർക്കിൽ 10 ലക്ഷം ചതുരശ്ര അടി കെട്ടിട വിസ്തൃതിയിൽ 27 കമ്പനികളിലായി 540 ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഇവരിൽ 139 പേർ സ്ത്രീ ജീവനക്കാരാണ് (25%). കേരളത്തിലെ ഐ.ടി. മേഖലയ്ക്ക് ആവശ്യമായിവരുന്ന അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം, കണക്ടിവിറ്റി എന്നിവ ഒരുക്കുന്നത് കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും ഐ.ടി. പാർക്കുകളും ചേർന്നാണ്.

(10) ഇതൊക്കെയാണെങ്കിലും ഐ.ടി. മേഖലയിൽ നടക്കുന്ന ചൂഷണങ്ങളും വിവേചനങ്ങളും സംബന്ധിച്ച് നിരവധി പരാതികളാണ് സമിതിക്ക് ലഭിച്ചിട്ടുള്ളത്. അതേതുടർന്ന് ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് സമിതി തീരുമാനിക്കുകയും അതിന്റെ ഭാഗമായി ഐ.ടി., തൊഴിൽ, ആഭ്യന്തരം, സാമൂഹ്യനീതി എന്നീ വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും കേരളത്തിലെ ഏറ്റവും വലിയ ഇലക്ട്രോണിക് ടെക്നോളജി പാർക്കായ തിരുവനന്തപുരം ടെക്നോപാർക്കിൽ 2020 ജനുവരി 7-ാം തീയതി സന്ദർശനം നടത്തി വനിതാ ജീവനക്കാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സമിതി നേരിട്ട് മനസ്സിലാക്കുകയും ചെയ്തു.

(11) ഐ.ടി. തൊഴിൽ മേഖലയുടെ വളർച്ചയ്ക്കൊപ്പം തൊഴിലാളികളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ട് ജീവിതനിലവാരം ഉയർത്തേണ്ടതും പൊതുസമൂഹം അംഗീകരിച്ച് നൽകുന്ന തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. വൻകിട കോർപ്പറേറ്റ് താൽപ്പര്യങ്ങളുടെ പുകമറയ്ക്കുള്ളിൽ തൊഴിലെടുക്കുന്ന അസംഘടിതരായ തൊഴിലാളികളുടെ

ന്യായമായ അവകാശങ്ങൾ ലംഘിക്കപ്പെടുന്നത് മാനവ സംസ്കാരത്തോടുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ മേഖലയിൽ തൊഴിൽ സുരക്ഷയും സാമ്പത്തിക വീക്ഷണവും ഉയരണം. അദ്ധ്വാനിക്കുന്ന ജനതയുടെ പ്രത്യേകിച്ച് വനിതകളുടെ സാമൂഹികസുരക്ഷ ദുർബ്ബലപ്പെടുന്നത് അനുവദിക്കപ്പെടാനാവില്ലെന്ന കാഴ്ചപ്പാടാണ് സമിതിക്കുള്ളത്. സാമ്പത്തിക അസമത്വം കുറച്ച് കൊണ്ടുവരുന്നതിനും തൊഴിലാളികളുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലിംഗ സമത്വത്തിനായി പരിഷ്കൃത സമൂഹം എപ്പോഴും ശബ്ദം ഉയർത്തുന്നുവെങ്കിലും ഐ.ടി. തൊഴിൽ മേഖലയിൽ ഇത്തരത്തിലുള്ള വിവേചനം യാഥാർത്ഥ്യമായി നിലനിൽക്കുന്നുവെന്ന സത്യം സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള സാമൂഹിക യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാനാകാതെ ഈ മേഖലയിലെ തൊഴിൽ ഉപേക്ഷിക്കുന്നവരുടെയും പിന്തള്ളപ്പെട്ടു പോകുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നു.

(12) സ്ത്രീ ശാക്തീകരണത്തിന് അനിവാര്യമായ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ വിദ്യാസമ്പന്നരായ വനിതകൾക്ക് തൊഴിൽ സുരക്ഷ അനിവാര്യമാണ്. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗ സമത്വം ഉറപ്പുവരുത്തുമെന്നും ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഏർപ്പെടുത്തി തൊഴിലിടങ്ങളിൽ മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുമെന്നും 2018-ലെ സംസ്ഥാന സമഗ്ര തൊഴിൽ നയത്തിൽ വ്യക്തമാക്കുന്നു. എന്നാൽ ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ നാം ഇനിയും ഏറെ സഞ്ചരിക്കേണ്ടിയിരിക്കുന്നു. സൈന്യത്തിൽ സ്ത്രീകൾക്ക് പെർമനന്റ് കമ്മീഷൻ (പി.സി.) നൽകുന്നതിൽ പുലർത്തിയിരുന്ന ലിംഗ വിവേചനം അവസാനിപ്പിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ചരിത്രവിധി സമൂഹത്തിലെ എല്ലാ തൊഴിൽ മേഖലയിലും നടപ്പാക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ച തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സുരക്ഷയും ക്ഷേമ ഐശ്വര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുയാണെന്ന വസ്തുത വിസ്മരിക്കാനാവില്ല. അന്തസ്സുള്ള തൊഴിൽ സാഹചര്യം, സാമൂഹിക സുരക്ഷിതത്വം, തൊഴിലുകൾക്ക് മാന്യത എന്നിവ ഉറപ്പുവരുത്തുന്നതിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുകയും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ശുഷ്കാന്തി കാട്ടുകയും ചെയ്യുന്ന സമീപനമാണ് എല്ലാ സർക്കാരുകളും സ്വീകരിച്ചുവന്നിട്ടുള്ളത്. തൊഴിലാളികളുടെ മനുഷ്യാവകാശം കാത്തുസൂക്ഷിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതിനാൽ വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ് കേരളത്തിലെ തൊഴിലാളികളുടെ സാഹചര്യം. വ്യക്തിയുടെ താൽപ്പര്യത്തിനനുസരിച്ചുള്ള ജോലി തെരഞ്ഞെടുക്കുവാനുള്ള അവകാശം, വിവേചനത്തിനെതിരായുള്ള സംരക്ഷണം, സാമൂഹിക സുരക്ഷിതത്വം, മാന്യമായ വേതന നിലവാരം ഉറപ്പിക്കുവാനുള്ള നടപടികൾ,

പരാതി പരിഹാര മാർഗ്ഗങ്ങൾ, കൂട്ടായ വിലപേശൽ നടത്തുവാനുള്ള അവകാശം, മാനേജ്മെന്റിൽ പങ്കെടുക്കുവാനുള്ള അവകാശം എന്നിങ്ങനെ വിവിധ അവകാശങ്ങൾ വിവിധ തൊഴിൽ മേഖലകളിൽ സർക്കാർ ഉറപ്പാക്കുന്നുണ്ട്. അതോടൊപ്പം വ്യാവസായിക അന്തരീക്ഷം സമാധാനപരമായി കാത്തുസൂക്ഷിക്കുന്നതിനും തൊഴിൽ നയങ്ങൾ നടപ്പാക്കുവാനും സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണ്. കേരളം നാളിതുവരെ നടപ്പിലാക്കിയ തൊഴിൽ നയങ്ങളും തൊഴിലാളി ക്ഷേമ പദ്ധതികളും രാജ്യത്തെ മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് ഉയർന്ന നിലവാരം പുലർത്തുന്നതാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

(13) ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ എല്ലാം അവരുടെ തൊഴിലിന്റെ സ്വഭാവം പരിഗണിച്ച് തന്നെ വ്യത്യസ്തങ്ങളായ മാനവ വിഭവശേഷി നയം ആണ് അനുവർത്തിക്കുന്നത്. ഐ.ടി. കമ്പനികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നിക്ഷേപങ്ങൾ ആകർഷിക്കുന്ന സംസ്ഥാന സർക്കാരിന് കമ്പനികളുടെ ആഭ്യന്തര കാര്യങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും ഇടപെടുവാൻ പരിമിതികൾ ഉണ്ടെങ്കിലും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ വനിതാ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തിയുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുകയും അവ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

(14) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണത്തിന് അധികാരമുള്ള ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലെ ഒരു വിഷയമാണ് 'തൊഴിൽ'. അതിനാൽ ഈ മേഖലയിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നു. പുതുതായി രൂപപ്പെട്ടുവരുന്ന വിജ്ഞാനാധിഷ്ഠിത തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ തൊഴിൽ നിയമങ്ങളും കാലഹരണപ്പെട്ട നിയമങ്ങളുടെ പരിഷ്കരണവും ആവശ്യമാണെന്ന് സമിതി കരുതുന്നു.

(15) തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള ഷോപ്പ് ആന്റ് കൊമേർസ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, സെക്ഷ്വൽ ഹറാസ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലേസ് ആക്ട്, തുല്യ വേതന നിയമം, പ്രോവിഡന്റ് ഫണ്ട് ആക്ട്, ESI ആക്ട്, ഗ്രാറ്റുവിറ്റി ആക്ട്, ബോണസ് ആക്ട് എന്നിങ്ങനെയുള്ള നിരവധി നിയമനിർമ്മാണങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിയിട്ടുണ്ട്. നിയമങ്ങൾ നിർമ്മിക്കുക മാത്രമല്ല അവ ശക്തമായി നടപ്പിലാക്കുക എന്നതും പൗരന്മാർക്ക് നിയമപരമായി അനുവദിച്ച നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ അവർക്ക ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. പൊതു-സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. ഇതിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട നിയമങ്ങളിൽ

ഒന്നാണ് 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഐ.ടി.മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും അവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുകയും ചെയ്യുന്നുണ്ട്. <u>ആയതിനാൽ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് യഥാസമയം തൊഴിൽ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(16) സ്ത്രീകൾ സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിനും മുന്നോട്ടുള്ള പ്രയാണത്തിനും അനിവാര്യമാണ്. സാമ്പത്തിക സുരക്ഷിതത്വത്തിനൊപ്പം സാമൂഹികമായ സംരക്ഷണവും സ്ത്രീ അർഹിക്കുന്നു. മാതൃത്വത്തിന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് സ്ത്രീയെ സംരക്ഷിക്കേണ്ട ചുമതല സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. മനുഷ്യജൈവഘടനയുടെ നിലനിൽപ്പിനാധാരമായ ഒരു പ്രക്രിയ എന്ന നിലയിലാണ് ഗർഭധാരണത്തെയും പ്രസവത്തെയും കാണേണ്ടത്. തൊഴിലെടുക്കുന്ന സ്ത്രീക്ക് നേരിടേണ്ടിവരുന്ന ദൃശ്യവും അദൃശ്യവുമായ എല്ലാ പ്രതിബന്ധങ്ങളിൽ നിന്നും അവൾ മോചനം അർഹിക്കുന്നു. മാതൃത്വം സ്ത്രീയെ സംബന്ധിച്ച് സവിശേഷമായ ഉത്തരവാദിത്വങ്ങളുടേയും സമ്മർദ്ദങ്ങളുടേയും കാലം കൂടിയാണ്. തൊഴിലെടുക്കുന്ന സ്ത്രീയെ സംബന്ധിച്ച് ബഹുമുഖ ഉത്തരവാദിത്വങ്ങളുടെ ഏകോപനം നിസ്സാരമായ കാര്യമല്ല. വിവിധ തൊഴിൽ നിയമങ്ങളിൽ ഗർഭകാലത്തെ തൊഴിൽ അവകാശങ്ങളും പ്രസവ അവധിയും മറ്റ് ആനുകൂല്യങ്ങളും നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഇതിനെയെല്ലാം നിയമപരിരക്ഷ ഒരേപോലെ ഉറപ്പാക്കേണ്ടതുണ്ട്. ഈ ഉദ്ദേശ്യത്തെ മുൻനിർത്തിക്കൊണ്ടാണ് 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് രാജ്യത്ത് നടപ്പിലാക്കിയത്. എന്നാൽ കേരള സംസ്ഥാന രൂപീകരണം മുതൽ തന്നെ 1957-ൽ പാസ്സാക്കിയ പ്രസവകാല ആനുകൂല്യ നിയമം 1961-ലെ കേന്ദ്ര നിയമം വരുന്നതുവരെ കേരളത്തിലെ സ്ത്രീ തൊഴിലാളികൾക്ക് താങ്ങും തണലുമായിരുന്നു. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം പ്രസവാവധിയായി ആറാഴ്ച അനുവദിച്ചിരുന്നു. 2017-ൽ വരുത്തിയ ഭേദഗതി പ്രകാരം ഇത് 26 ആഴ്ചയായി വർദ്ധിപ്പിച്ചു. ഐ.ടി. പാർക്കുകളിലെ എല്ലാ കമ്പനികളും മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്നവയാണ്. ഇതുൾപ്പെടെയുള്ള എല്ലാ തൊഴിൽ നിയമങ്ങളും കർശനമായി പാലിക്കണമെന്ന്

കമ്പനികളും ഐ.ടി. പാർക്കുകളും തമ്മിലുള്ള ലീസ്/ലൈസൻസ് എഗ്രിമെന്റുകളിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ നിയമപ്രകാരം അർഹമായ അവധി നിഷേധിക്കുന്നതോ വൈകിപ്പിക്കുന്നതോ ആയ അനേകം പരാതികൾ സമിതിയ്ക്ക് നേരിട്ടും അല്ലാതെയും ലഭിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിൽ ജോലിചെയ്തിരുന്ന ഒരു ജീവനക്കാരിയെ ഗർഭിണിയാണെന്ന ഒറ്റ കാരണത്താൽ പിരിച്ചുവിട്ടെന്ന പരാതി സമിതി ഞെട്ടലോടെയാണ് വീക്ഷിച്ചത്. ഈ മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും തൊഴിൽ സുരക്ഷിതത്വമില്ലായ്മയുമാണ് ഇത്തരം പരാതികളിലൂടെ വെളിവാകുന്നത്. പ്രസവകാല സംരക്ഷണം മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്നിരിക്കെ അത് നിഷേധിക്കപ്പെടുന്നത് മനുഷ്യാവകാശ ലംഘനവും അത് യാതൊരു വിധത്തിലും അംഗീകരിക്കാനാവാത്തതുമാണ്. നിയമം വഴി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിച്ച് നൽകാൻ കമ്പനികൾ ബാദ്ധ്യസ്ഥരാണെന്നതിനാൽ 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് നിഷ്കർഷിക്കുന്ന എല്ലാവിധ അവകാശങ്ങളും ആനുകൂല്യങ്ങളും ഐ.ടി.മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഈ നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(17) 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം അൻപതോ അതിൽ കൂടുതലോ വനിതാ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്നും പ്രസവാവധി കഴിഞ്ഞുവരുന്ന സ്ത്രീ ജീവനക്കാർക്ക് സാധാരണ വിശ്രമ വേളകൾക്ക് പുറമേ കുഞ്ഞിന് 15 മാസം ആകുന്നതുവരെ രണ്ട് നഴ്സിംഗ് ബ്രേക്ക് നൽകണമെന്നും പ്രസ്തുത നിയമത്തിന്റെ 11(എ) വകുപ്പിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുമുണ്ട്. കൂടാതെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസിൽ 2015 സെപ്റ്റംബർ 18-ൽ വരുത്തിയ ഭേദഗതി പ്രകാരം ഇരുപതോ അതിൽ കൂടുതലോ സ്ത്രീ ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ആറ് വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കായി സൗജന്യ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം നാളിതുവരെ ബഹുഭൂരിപക്ഷം ഐ.ടി. സ്ഥാപനങ്ങളും നടപ്പിലാക്കിയിട്ടില്ലായെന്ന് സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു.

(18) ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനായി മാതൃ ശിശുബന്ധത്തിന്റെ ഊഷ്മളത നിലനിർത്തുന്നതിനുള്ള സാഹചര്യം തൊഴിലിടങ്ങളിലൊരുക്കിക്കൊടുക്കേണ്ടത് ഓരോ സ്ഥാപനത്തിന്റെയും സർക്കാരിന്റെയും ചുമതലയിൽപ്പെടുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള ശിശുപരിപാലന കേന്ദ്രങ്ങൾ തൊഴിലിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി

സ്വീകരിക്കേണ്ടതാണ്. എന്നാൽ സർക്കാരിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രത്യേകം ക്രഷ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് സ്ത്രീജീവനക്കാർക്ക് പൊതുവായി സൗകര്യപ്രദമായ രീതിയിൽ ശിശുപരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഇത്തരം സേവനം പ്രയോജനപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന പ്രകാരം 'ക്രഷ് സെസ്സ് ' ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. സമിതിയുടെ ടെക്നോപാർക്ക് സന്ദർശനവേളയിൽ ടെക്നോപാർക്കിൽ നിലവിലുള്ള രണ്ട് ഡേ കെയർ സെന്ററുകൾ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള ശിശുപരിപാലന കേന്ദ്രങ്ങൾ നിലവിലില്ലായെന്ന് മനസ്സിലാക്കുകയും നിലവിലുള്ള ശിശുപരിപാലന കേന്ദ്രങ്ങളിൽ സ്ഥലപരിമിതിമൂലം കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് തടസ്സമുണ്ടെന്നും ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളിൽ 24 x7 സൗകര്യമുള്ള ഡേ കെയറുകൾ ഒന്നും പ്രവർത്തിക്കുന്നില്ലെന്നും നിലവിലുള്ള ഡേ കെയറുകളിൽ സ്കൂൾ സമയത്തിനുശേഷമുള്ള പരിചരണം ലഭ്യമല്ലെന്നും നിലവിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ശിശുപരിപാലന കേന്ദ്രങ്ങളിൽ പ്രതിമാസം 4500 രൂപ മുതൽ 7500 രൂപ നിരക്കിൽ ഓരോ കുട്ടിയിൽ നിന്നും ഈടാക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. നിലവിലുള്ള നിയമങ്ങളിൽ സൗജന്യ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് നിഷ്കർഷിച്ചിരിക്കെ ഭീമമായ തുക ജീവനക്കാരിൽ നിന്നും ഈയിനത്തിൽ ഈടാക്കുന്നത് ഒട്ടും ന്യായീകരിക്കത്തക്കതല്ല. ടെക്നോപാർക്കിൽ ജീവനക്കാരുടെ ആവശ്യകതയ്ക്ക് അനുസരിച്ച് ഡേ കെയറുകൾ ഇല്ലാത്തതിനാൽ ഐ.ടി. പാർക്കിന്റെ പരിസര പ്രദേശങ്ങളിൽ സ്വകാര്യ ക്രഷ് സംവിധാനങ്ങൾ കൂണുപോലെ മുളച്ചു പൊന്തുന്ന സ്ഥിതി വിശേഷമാണെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ മണിക്കൂറടിസ്ഥാനത്തിലാണ് ഫീസ് വാങ്ങുന്നതെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു.

20. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ശിശുപരിപാലന കേന്ദ്രങ്ങളുടെ അപര്യാപ്തത സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. പാർക്ക് സെന്ററിന്റെ മേൽനോട്ടത്തിൽ എല്ലാ ബ്ലോക്കുകളിലും ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. ഐ.ടി. മേഖലയിൽ ഒഴിച്ച് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 480 ഓളം ക്രഷുകൾ പ്രവർത്തിക്കുന്നുണ്ട്. സമിതിയുമായി നടത്തിയ ചർച്ചയിൽ ഐ.ടി. വകുപ്പ് സ്ഥലസൗകര്യം ലഭ്യമാക്കുന്ന പക്ഷം യോഗ്യതയുള്ള വർക്കേഴ്സിനെയും ഹെൽപ്പേഴ്സിനെയും നിയമിച്ച് സർക്കാർ ചെലവിൽ ഇവിടെ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്

നടപടി സ്വീകരിക്കാമെന്ന് സാമൂഹ്യനീതി വകുപ്പ് സമിതിക്ക് ഉറപ്പുനൽകിയിരുന്നു. ആയതിനാൽ സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ടെക്നോപാർക്കിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഐ.ടി. വകുപ്പ് സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. തിരുവനന്തപുരം ടെക്നോപാർക്കിൽ നിലവിൽ രണ്ട് ഡേ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ഒരു ശിശുരോഗവിദഗ്ധന്റെ അഭാവം സമിതിക്ക് ബോധ്യപ്പെട്ടു. ഈ രണ്ട് ഡേ കെയറുകളിലുമായി നൂറിൽ കൂടുതൽ കുഞ്ഞുങ്ങൾ ഉള്ളതിനാൽ ഒരു അടിയന്തര സാഹചര്യം നേരിടുന്നതിന് ഒരു ശിശുരോഗ വിദഗ്ധന്റെ സേവനം ഒഴിച്ചുകൂടാനാകാത്തതാണ്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് ടെക്നോപാർക്കിലെ ആശുപത്രിയിൽ ഒരു ശിശുരോഗവിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. കോഴിക്കോട് സൈബർ പാർക്കിൽ നിലവിൽ ശിശുപരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സ്ത്രീ ജീവനക്കാരുടെ പ്രവർത്തന ക്ഷമതയെ ബാധിക്കുമെന്നതിനാലും അവരുടെ മാനസിക സംഘർഷം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു എന്നതിനാലും കോഴിക്കോട് സൈബർ പാർക്കിൽ സ്ത്രീ ജീവനക്കാരുടെ സൗകര്യാർത്ഥം ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. മുലപ്പാൽ കുഞ്ഞുങ്ങൾക്ക് വിശപ്പടക്കാൻ മാത്രമുള്ളതല്ല, അമ്മയും കുഞ്ഞുമായുള്ള വൈകാരിക ബന്ധം ഊട്ടി ഉറപ്പിക്കാനും കുഞ്ഞിന് ആരോഗ്യത്തിനോടൊപ്പം മാനസിക സ്ഥിരതയും കരുതലും പിന്നീടുള്ള ജീവിതത്തിലെ സ്വഭാവരൂപീകരണത്തിനുള്ള മരുന്നും ഒക്കെയാണ് അമ്മ സ്നേഹത്തോടും ലാളനയോടും കൂടി സ്വന്തം മടിത്തട്ടിൽ വെച്ച് മുലയൂട്ടുന്നതിലൂടെ പകർന്നു നൽകുന്നത്. അതിനാണ് ഐ.ടി. മേഖലയിലെ പ്രസവാവധി കഴിഞ്ഞെത്തുന്ന സ്ത്രീ തൊഴിലാളികൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യത്തിനായി നടന്നുപോകാനുള്ള ദൂരത്തിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ഉണ്ടാകണമെന്നും സാധാരണ വിശ്രമസമയം കൂടാതെ രണ്ട് നഴ്സിംഗ് ബ്രേക്ക് അനുവദിക്കണമെന്നും നിയമത്തിൽ അനുശാസിക്കുന്നത്. പ്രസ്തുത നിയമം നിലനിൽക്കെ സമയനഷ്ടം ഒഴിവാക്കുന്നതിനായി ഐ.ടി. പാർക്കുകളിലെ വൻകിട കമ്പനികളിൽ ലാക്ടേഷൻപോഡ് (breast pump ഉപയോഗിച്ച് മുലപ്പാൽ ശേഖരിച്ച് ശീതികരിച്ച് സൂക്ഷിക്കുവാനുള്ള സൗകര്യം) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സമിതി മുൻപാകെ പരാതി ലഭിച്ചിട്ടുണ്ട്. മുലപ്പാൽ നേരിട്ട് നൽകുന്നതിലൂടെ അമ്മയും കുഞ്ഞും തമ്മിലുണ്ടാകുന്ന വൈകാരികബന്ധം ഇല്ലാതാക്കുന്ന ഇത്തരം നടപടി

യാതൊരു തരത്തിലും നീതികരിക്കാനാകുന്നതല്ല. ആയതിനാൽ മനുഷ്യത്വരഹിതമായ ഇത്തരം നടപടികളിൽ നിന്നും ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ പാർക്ക് അധികൃതർ പിൻതിരിപ്പിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

24. പലതരത്തിലുള്ള ഗാർഹിക ഉത്തരവാദിത്വങ്ങൾ സ്ത്രീകൾക്ക് നിർവ്വഹിക്കേണ്ടി വരുന്നതിനാൽ പ്രസവാവധിക്ക് പുറമേ മറ്റ് പല കാരണങ്ങളാൽ സ്ത്രീകൾക്ക് തൊഴിൽ രംഗത്തുനിന്നും താൽക്കാലികമായി വിട്ടുനിൽക്കേണ്ട സാഹചര്യം പലപ്പോഴും സംജാതമാകാറുണ്ട്. അതേത്തുടർന്ന് അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് 'സ്കിൽ അപ്ഗ്രഡേഷൻ' നടത്താൻ ഇവർക്ക് സാധിക്കാതെ വരുന്നു. ഇക്കാരണത്താൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് പല സ്ഥാപനങ്ങളും വിമുഖത കാട്ടുന്നതായും അപ്രകാരം ഇവർ ജോലിയിൽ പിൻതള്ളപ്പെടുന്നതായും സമിതിക്ക് ലഭിച്ച പരാതികളിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ സ്കിൽ അപ്ഗ്രഡേഷന്റെ അഭാവംമൂലം സ്ത്രീജീവനക്കാർ തൊഴിൽ മേഖലയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികൾ മറികടക്കുന്നതിനായി ഇവർക്ക് സാങ്കേതികവിദ്യയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിശീലനത്തിലൂടെ ലഭ്യമാക്കി തൊഴിൽസുരക്ഷ ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ പാർക്ക് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013 പ്രകാരം പത്തോ അതിലധികമോ സ്ത്രീ ജീവനക്കാർ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും പരാതികളില്ലെങ്കിലും എല്ലാ മാസവും കൃത്യമായി യോഗം ചേരണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതികളില്ലാതെ സ്വതന്ത്രമായി അഭിമാനത്തോടെ തൊഴിലെടുക്കുന്നതിന് സ്ത്രീകൾക്ക് അവസരം ഉണ്ടാക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ പ്രധാന ഉത്തരവാദിത്വം. എന്നാൽ ഇത്തരം കമ്മിറ്റികൾ ബഹുഭൂരിപക്ഷം ഐ.ടി. സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പോലും പരാതികളൊന്നും ലഭിക്കുന്നില്ലെന്ന കാരണത്താൽ സമയബന്ധിതമായി യോഗം ചേരാറില്ലെന്നുള്ളതാണ് വസ്തുത. ആയതിനാൽ പരാതി ലഭിച്ചാലും ഇല്ലെങ്കിലും നിയമം അനുശാസിക്കുന്ന പ്രകാരം ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ യോഗം ചേരേണ്ടത് അത്യന്താപേക്ഷിതമാണെന്നും അപ്രകാരം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഏതെങ്കിലും ഒരു സ്ഥാപനത്തിൽ സ്ത്രീ ജീവനക്കാരുടെ എണ്ണം പത്തിൽ കുറവാകുന്ന പക്ഷം ഒന്നിലധികം കമ്പനികളുടെ കൺസോർഷ്യമുണ്ടാക്കി ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. തൊഴിലിടങ്ങളിലെ ലൈംഗിക പീഡനങ്ങൾ പലപ്പോഴും അടിച്ചമർത്തപ്പെടുന്നുവെന്ന പരാതി വ്യാപകമാണ്. ജോലി നഷ്ടപ്പെടുമെന്ന ഭയവും, നാണക്കേടും ഭയന്ന് പലരും ഇക്കാര്യങ്ങൾ പുറത്തുപറയാറില്ല. എന്നാൽ ചിലർക്ക് പരാതിപ്പെടാൻ ആഗ്രഹം ഉണ്ടെങ്കിലും പോലീസ് സ്റ്റേഷൻ കയറിയിറങ്ങണമെന്ന കാരണത്താൽ പലപ്പോഴും പരാതിപ്പെടാറില്ല. ആയതിനാൽ ജോലിസ്ഥലത്തെ ലൈംഗിക പീഡനങ്ങൾ ഉൾപ്പെടെയുള്ള പരാതികൾ വനിതകൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനായി 2017 ജൂലൈയിലാണ് 'സെക്ഷ്വൽ ഹരാസ്മെന്റ് ഇലക്ട്രോണിക് ബോക്സ്' (ഷീ ബോക്സ്) എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം കേന്ദ്ര വനിതാ-ശിശു വികസന വകുപ്പ് ആരംഭിച്ചത്. ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതികൾ നേരിട്ട് ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റിക്ക് കൈമാറുന്നതും തുടർന്ന് ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013 പ്രകാരം നടപടി കൈക്കൊള്ളുന്നതായിരിക്കും. ആയതിനാൽ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള 'ഷീ ബോക്സ്' സംവിധാനത്തെപ്പറ്റി വനിതാ ജീവനക്കാർക്ക് ഇടയിൽ സാമൂഹ്യമാധ്യമങ്ങൾ വഴിയും അല്ലാതെയും അവബോധം സൃഷ്ടിക്കുകയും അതുവഴി പരാതികൾ അധികാരികളിലേയ്ക്ക് എത്തിക്കുന്നതിന് അവർക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ഐ.ടി. തൊഴിൽ മേഖലയിലെ ജീവനക്കാരുടെ പൊതുവായ പരാതികൾ സുതാര്യമായ രീതിയിൽ അടിയന്തര പരിഹാരം കാണുന്നതിനായി ജി-ടെക് സെക്രട്ടറി, ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അഡീഷണൽ ലേബർ കമ്മീഷണർ എന്നിവർ ഉൾപ്പെടുന്ന ഗ്രീവൻസ് റിഡ്രസ്സൽ സെൽ/കൺസൾട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നതായോ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജീവനക്കാർക്ക് വേണ്ട അവബോധമോ ഇല്ലെന്ന് പരാതിക്കാരുമായുള്ള ആശയവിനിമയ വേളയിൽ സമിതിയ്ക്ക് മനസ്സിലായി. തന്മൂലം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഇവർക്ക് ഇതര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരുന്നു. ഇത് ജീവനക്കാരിൽ അനാവശ്യമായ മാനസിക സംഘർഷം സൃഷ്ടിക്കുന്നതിനും അതോടൊപ്പം സമയനഷ്ടത്തിനും സാമ്പത്തിക നഷ്ടത്തിനും തൊഴിൽ നഷ്ടത്തിനും ഇടയാക്കുകയും ചെയ്യുന്നു. ആയതിനാൽ ഗ്രീവൻസ് സെൽ സംബന്ധിച്ച വിശദാംശങ്ങളും ഗ്രീവൻസ് സെല്ലിന്റെ പ്രവർത്തന വ്യാപ്തിയും സംബന്ധിച്ച് ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന് പാർക്ക് അധികൃതർ നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം തന്നെ ഇത്തരത്തിൽ രൂപീകരിക്കുന്ന ഗ്രീവൻസ് സെല്ലിൽ ജീവനക്കാരുടെ ഒരു പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്നും സെല്ലിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. തൊഴിൽ തർക്കങ്ങൾ തൊഴിൽ വകുപ്പ് അധികൃതരെ അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനം നിലവിലുണ്ടെങ്കിലും ഭൂരിപക്ഷം ജീവനക്കാർക്കും പ്രസ്തുത സേവനത്തെക്കുറിച്ച് അറിവില്ലായെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഐ.ടി. മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 155214, 18004255214 എന്നീ ടോൾഫ്രീ നമ്പറുകൾ പാർക്കിൽ പ്രദർശിപ്പിക്കണമെന്നും അവ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് മുൻകയ്യെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. പുറമേനിന്നു നോക്കുമ്പോൾ അംബര ചുംബികളായ കെട്ടിടങ്ങൾ, ശീതികരിച്ച ഓഫീസ്, ഉയർന്ന ശമ്പളം, വിദേശ യാത്രകൾ, ദേഹമനങ്ങാതെ അനർഹമായി സമ്പാദിച്ച് കൂട്ടുകയും എല്ലാവിധ സൗഭാഗ്യങ്ങളും അനുഭവിക്കുകയും ചെയ്യുന്ന ഒരു വരേണ്യ തൊഴിൽ വിഭാഗമാണ് ഐ.ടി.മേഖലയിൽ തൊഴിലെടുക്കുന്നവർ എന്നതാണ് സമൂഹത്തിന്റെ തെറ്റിദ്ധാരണ. എന്നാൽ യാഥാർത്ഥ്യം അതിൽ നിന്നുമെത്രയോ അകലെയാണ്. കോർപ്പറേറ്റ് മേഖലയിലെ എല്ലാവിധ ഗുണദോഷങ്ങളും ചുമലിൽ പേറുന്ന അസംഘടിതരായ ഈ ജീവനക്കാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങൾ, ജോലിയിലെ അമിതമായ പിരിമുറുക്കം, കുടുംബജീവിതത്തിലുണ്ടാകുന്ന താളപ്പിഴകൾ എന്നിവ അവഗണിക്കപ്പെടുന്നു. ദിവസവും പത്തുപന്ത്രണ്ട് മണിക്കൂറിൽ താഴെ ജോലിചെയ്യുന്ന ഐ.ടി. ജീവനക്കാർ വിരളമായിരിക്കും. ഒഴിവ് ദിവസങ്ങളിൽ വരെ ജോലി ചെയ്യുന്നവരുമുണ്ട്. ടാർജറ്റ് അഥവാ ഡെഡ് ലൈൻ എന്ന രേഖയ്ക്കുള്ളിൽ വീർപ്പുമുട്ടുന്നവരാണ് ഓരോ ഐ.ടി. ജീവനക്കാരും പ്രത്യേകിച്ച് വനിതാ ജീവനക്കാർ. കുടുംബ പ്രാരാബ്ധങ്ങൾക്കൊപ്പം വെല്ലുവിളികൾ നിറഞ്ഞതുമായ ജോലി സാഹചര്യങ്ങൾ, അമിതമായ ജോലിഭാരം, വളരാനോ മുന്നേറാനോ ജോലിയിൽ സ്ഥാനക്കയറ്റം ലഭിക്കാനോ ഉള്ള അവസരം ഇല്ലായ്മ, തൊഴിൽപരമായ ലിംഗവിവേചനം, ജോലി സംബന്ധിച്ചുള്ള കാര്യങ്ങളിൽ അഭിപ്രായം പറയാനോ സ്വന്തമായി തീരുമാനം എടുക്കാൻ കഴിയാത്തതോ ആയ സാഹചര്യങ്ങൾ, പെട്ടെന്നുള്ള ജോലി നഷ്ടപ്പെടൽ എന്നിവ ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ മാനസിക സംഘർഷത്തെ കൂട്ടുകയും കുടുംബ ബന്ധത്തേയും വ്യക്തി ജീവിതത്തേയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. തൊഴിൽ സംബന്ധമായ സമ്മർദ്ദം അവരുടെ ശാരീരിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് പരിഹരിക്കാൻ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുക, തൊഴിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക, തൊഴിൽ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരോട് ജീവനക്കാർക്ക് തങ്ങളുടെ മാനസിക ബുദ്ധിമുട്ടുകൾ തുറന്നു പറയാനുള്ള സാഹചര്യം നൽകുക,

സഹപ്രവർത്തകരുമായി നല്ല ബന്ധങ്ങൾ നിലനിർത്താൻ പ്രോത്സാഹിപ്പിക്കുക, ജോലിസ്ഥലങ്ങളിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക എന്നിവ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ജീവനക്കാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അതുവഴി അവരുടെ വ്യക്തിജീവിതവും കുടുംബ ജീവിതവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിലിംഗ്/യോഗ പോലുള്ള സേവനങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് പാർക്ക് അധികൃതർ മുൻകയ്യെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. വിദ്യാഭ്യാസ മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിലേറെയും പെൺകുട്ടികളായതിനാൽ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിലധികവും സ്ത്രീകളാണ്. സ്ത്രീപുരുഷ സമത്വത്തിന്റെ കാര്യത്തിലും സ്ത്രീ പങ്കാളിത്തത്തിന്റെ കാര്യത്തിലും ഏറെ മുന്നിലാണ് ഐ.ടി. മേഖല എന്നതും തെറ്റിദ്ധരിക്കപ്പെടുന്ന മറ്റൊരു കാര്യമാണ്. ഐ.ടി. പോലുള്ള പുതിയ മേഖലകളിൽ തൊഴിലിന്റെ രൂപങ്ങളിൽ മാറ്റം വന്നിട്ടുണ്ടെന്നുള്ളത് ശരിയാണെങ്കിലും ലിംഗപരമായ തൊഴിൽ വിഭജനം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. തൊഴിലിടങ്ങളിൽ യഥാർത്ഥ അധികാരം ഉപയോഗിക്കേണ്ട ഇടങ്ങളിൽ പുരുഷൻ തന്നെ മേൽക്കൈ നേടുന്നു. മാനേജ്മെന്റ്, നേതൃത്വപദവി എന്നീ തലങ്ങളിൽ കൃത്യമായ പങ്കാളിത്തമില്ലാത്ത സ്ത്രീ ഒരു യഥാർത്ഥ അധികാരിയാകുന്നില്ല. പുരുഷാധിപത്യ വ്യവസ്ഥയിൽ പുരുഷന് തൊഴിലിടത്തിന് പുറത്ത് പ്രത്യേകിച്ച് ജോലികൾ ഇല്ലാതിരിക്കുമ്പോഴും സ്ത്രീകൾ തൊഴിലിടത്തും വീട്ടിലും അധിക ജോലി ചെയ്യേണ്ടി വരുന്നു. എന്നാൽ തൊഴിൽ മേഖലയിലെ ഉത്തരവാദിത്വവും കുടുംബത്തിലെ കണക്കില്ലാത്ത അധ്വാനഭാരവും കോർത്തിണക്കി ജീവിതം നയിക്കുന്ന സ്ത്രീകൾക്ക് അർഹമായ അംഗീകാരം പലപ്പോഴും ലഭിക്കുന്നില്ലെന്നതാണ് വസ്തുത. ലിംഗനീതി ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരെ ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്ന വിവേചനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഐ.ടി. മേഖലയും ഇക്കാര്യത്തിൽ വിഭിന്നമല്ല. അനുദിനം വികാസം പ്രാപിച്ചു വരുന്ന ഈ തൊഴിൽ മേഖലയിൽ സ്ത്രീകളോട് കാട്ടുന്ന വിവേചനം അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

31. ഐ.ടി. മേഖലയിൽ ജീവനക്കാർക്ക് നൽകിവരുന്ന തൊഴിൽ പരിശീലനം/ പ്രൊമോഷൻ എന്നിവയ്ക്ക് ലിംഗസമത്വം പാലിക്കപ്പെടുന്നില്ലെന്നും വനിതാ ജീവനക്കാർക്ക് On sight Project/ Visa ലഭിക്കുന്നതിലും പ്രൊമോഷൻ ലഭിക്കുന്നതിലും ലിംഗവിവേചനം നടക്കുന്നതായും ഐ.ടി. മേഖലയിലെ വിവിധ കമ്പനികളിൽ Manager/ Director Board Member പോലെയുള്ള ഉയർന്ന തസ്തികകളിലെ വനിതാ പ്രാതിനിധ്യം തുലോം

കറവാണെന്നും ജീവനക്കാരുമായി നടത്തിയ ആശയവിനിമയത്തിൽ നിന്നും സമിതി മനസ്സിലാക്കി. സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ സർക്കാരിന് പരിമിതികളുണ്ടെങ്കിലും രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്ക് അനുസൃതമായി മാത്രമേ സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാകൂ. ഇത്തരത്തിൽ ലിംഗ വിവേചനം കാട്ടുന്ന, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിച്ച് സ്ത്രീസൗഹൃദ അന്തരീക്ഷം നിലനിർത്തുന്ന ഐ.ടി. സ്ഥാപനങ്ങളെ ഓരോ വർഷവും നടത്തുന്ന സ്വതന്ത്ര പരിശോധനയിൽ കണ്ടെത്തി അവയിൽ ഏറ്റവും മികച്ച സ്ഥാപനത്തിന് അവാർഡ് നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. തൊഴിലിൽ മികവ് പോരെന്ന കാരണം പറഞ്ഞാണ് ടെക്നോപാർക്കിലെ പ്രമുഖ കമ്പനികളടക്കം ജീവനക്കാരെ പിരിച്ചുവിടുന്നത്. പിപ് (പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്ലാൻ) എന്ന ഓമനപ്പേരിലാണ് ഇപ്രകാരം കമ്പനികൾ സ്വന്തം ജീവനക്കാർക്ക് പുറത്തേയ്ക്കുള്ള വഴികാട്ടുന്നത്. പത്തും പന്ത്രണ്ടും വർഷം ജോലി ചെയ്തവരെ പോലും യാതൊരുവിധ മുൻകൂർ നോട്ടീസുമില്ലാതെ ഇക്കാരണത്താൽ പെർമെനന്റ് എംപ്ലോയിയിൽ നിന്നും ടെംപററി എംപ്ലോയി ആക്കി മാറ്റിയശേഷം കടുത്ത മാനസിക സമ്മർദ്ദത്തിലാക്കി സ്വയം പിരിഞ്ഞുപോകാൻ നിർബന്ധിതരാക്കുന്നതായി ജീവനക്കാരുമായുള്ള ചർച്ചയിൽ നിന്നും സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചു. ഇതിനെതിരെ പാർക്ക് അധികൃതർക്ക് പരാതി നൽകിയാലും കമ്പനികളുടെ ആഭ്യന്തര കാര്യങ്ങളിൽ തങ്ങൾക്ക് ഇടപെടാൻ കഴിയില്ലെന്നാണ് പാർക്ക് അധികൃതരുടെ നിലപാട്. തൊഴിലാളികളുടെ താൽപ്പര്യത്തിന് വിരുദ്ധമായ ഇത്തരം നടപടികൾ പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനാകില്ല. ആറ് മാസം കഴിഞ്ഞ് പിരിച്ചുവിട്ടാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് പരാതി നൽകാം. ആയതിനാൽ ജീവനക്കാരെ തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചുവിടുന്നതിന് മുൻപായി നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കണമെന്നും പിരിച്ചുവിടൽ ഉത്തരവിൽ കാരണം വ്യക്തമായി സൂചിപ്പിക്കണമെന്നും ജീവനക്കാരുടെ പെർഫോമൻസ് വിലയിരുത്തുന്നതിന് കമ്പനികൾ പൊതുവായ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നും ഇക്കാര്യം വിലയിരുത്തുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും പെർഫോമൻസ് ഇവാല്യുവേഷൻ സുതാര്യമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. പ്രവൃത്തി പരിചയം കൂടുംതോറും തൊഴിൽ സുരക്ഷിതത്വം കുറയുന്ന മേഖലയാണ് ഐ.ടി. മേഖല. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2(g) പ്രകാരം 'തൊഴിലാളി' എന്നാൽ പ്രസ്തുത തൊഴിൽ നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളി എന്ന് അർത്ഥമാകുന്നതും, അതിൽ കമ്പ്യൂട്ടർ/കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ 'തൊഴിലാളി' എന്ന നിർവ്വചനത്തിൽപ്പെടുന്നതാണ്. എന്നാൽ ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. നിലവിൽ ഇവർ ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. പ്രതിമാസം 20 രൂപ നിരക്കിൽ പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള വിഹിതം കേരളത്തിലെ എല്ലാ ഐ.ടി. ജീവനക്കാരും അടയ്ക്കുന്നുണ്ടെങ്കിലും ഇത് ഐ.ടി. മേഖലയിലെ ജീവനക്കാരെ ഉദ്ദേശിച്ചുള്ള ഒരു ക്ഷേമനിധി അല്ല. ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് മാത്രമായുള്ള ഒരു ക്ഷേമ പദ്ധതി അനിവാര്യമാണ്. <u>ആയതിനാൽ വിവരസാങ്കേതിക മേഖലയ്ക്ക് അനുയോജ്യമാകുന്ന രീതിയിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ ബോർഡ് വഴി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

35. ഐ.ടി. മേഖലയിലെ തൊഴിലാളികൾക്ക് നിയമാനുസൃതമായി നൽകേണ്ട പ്രോവിഡന്റ് ഫണ്ട്, ഇൻഷ്വറൻസ്, ഗ്രാറ്റുവിറ്റി എന്നിവ നിയമാനുസൃതം നിരവധി കമ്പനികൾ നൽകുന്നില്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യമായി. <u>ആയതിനാൽ ഇത് ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ കർശന പരിശോധനകളും നടപടികളും തൊഴിൽ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

36. ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് പ്രഥമ പരിഗണന നൽകേണ്ട വിഷയമാണെന്ന് സമിതി വിലയിരുത്തുന്നു. രാപ്പകൽ വ്യത്യാസമില്ലാതെ ജോലിചെയ്യുന്ന ഐ.ടി. മേഖലയിലെ വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതായി സമിതിക്ക് ലഭിച്ച പരാതികളിൽ നിന്നും വ്യക്തമാകുന്നു. രാത്രികാലങ്ങളിൽ ജോലിക്ക് പോകുന്നവർക്കും ജോലിക്ക് ശേഷം തിരികെ താമസ സ്ഥലത്തേയ്ക്ക് വരുന്നവരുമായ വനിതാ ജീവനക്കാർക്കാണ് പ്രധാനമായും സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള ശല്യം നേരിടേണ്ടിവരുന്നത്. റോഡിൽ നിന്ന് സ്ത്രീകൾക്ക് നേരെ അശ്ലീല പ്രദർശനം, ഹോസ്റ്റൽ മുറികളിലേയ്ക്ക് അശ്ലീല പുസ്തകങ്ങൾ വലിച്ചെറിയുക, റോഡിലൂടെ സഞ്ചരിക്കുന്ന സ്ത്രീകളെ കടന്നുപിടിക്കുക തുടങ്ങിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സാധാരണയായി രാവിലെ 8 മണിമുതൽ രാത്രി 10 മണി വരെയാണ് ജോലി സമയമെങ്കിലും പ്രധാനമായും വിദേശ

മൂലധനത്തെ ആശ്രയിച്ചുനിൽക്കുന്ന ഒരു തൊഴിൽ മേഖലയായതുകൊണ്ട് സ്ത്രീ ജീവനക്കാർ രാത്രി ഷിഫ്റ്റിലും ജോലി ചെയ്തുവരുന്നുണ്ട്. ഐ.ടി. പാർക്കുകൾക്ക് സമീപമുള്ള ഹോംസ്റ്റേകളിൽ താമസിക്കുന്ന സ്ത്രീ ജീവനക്കാർ പ്രധാനമായും കാൽനടയായിട്ടാണ് ജോലിക്ക് പോകുന്നതും തിരികെ വരുന്നതും. ഐ.ടി. പാർക്കുകൾക്ക് അകത്തെന്നപോലെ തന്നെ പരിസര പ്രദേശങ്ങളിലും അവർക്ക് സുരക്ഷ ഒരുക്കേണ്ടതായിട്ടുണ്ട്. ഐ.ടി. പാർക്കുകളിലെ വനിതാ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി കൂടുതൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും ജീവനക്കാർ ആശ്രയിക്കുന്ന ഹോസ്റ്റലുകൾ, ഫ്ലാറ്റുകൾ, ഹോംസ്റ്റേകൾ എന്നിവിടങ്ങളിൽ പോലീസിന്റെ ശക്തമായ നിരീക്ഷണം ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഐ.ടി. പാർക്കുകളുടെ പരിസരപ്രദേശത്ത് വനിതാ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി കൂടുതൽ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, പിങ്ക് പട്രോളിംഗ് എന്നിവ ഏർപ്പെടുത്തണമെന്നും വനിതാ ജീവനക്കാർക്ക് കൂടുതൽ സുരക്ഷ ഏർപ്പെടുത്തുന്നതിനായി ഒരു വനിതാ ഹെൽപ്പ്ഡെസ്ക് പാർക്കുകളിൽ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

37. ദേശീയ പാതയിൽ നിന്നും 13 കിലോമീറ്ററോളം ഉള്ളിൽ സ്ഥിതി ചെയ്യുന്ന ഇൻഫോപാർക്കിന്റെ അവസ്ഥ ദയനീയമാണെന്ന് അവിടത്തെ ജീവനക്കാരോട് സംസാരിച്ചതിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഇൻഫോപാർക്കിന്റെ രണ്ട് ഫേസുകൾ തമ്മിൽ പോലും കിലോമീറ്ററുകളുടെ വ്യത്യാസമുണ്ട്. ഇവിടം വിജനവും സ്ത്രീകൾക്ക് യാതൊരുവിധ സുരക്ഷിതത്വവുമില്ലാത്ത പ്രദേശവുമാണ്. ഫുട്പാത്തുകളുടെ സ്ലാബുകൾ ഇളകിമാറിയ നിലയിലായതിനാൽ രാത്രികാലങ്ങളിലെ കാൽനടയാത്ര അപകടം നിറഞ്ഞതാണെന്നും തെരുവുവിളക്കുകളുടെ അഭാവംമൂലം നിരത്തിലോടുന്ന വാഹനങ്ങളുടെ വെളിച്ചത്തെ മാത്രം ആശ്രയിച്ചാണ് രാത്രി കാലങ്ങളിൽ സഞ്ചരിക്കുന്നതെന്നും ജീവനക്കാർ സമിതിയെ ബോധിപ്പിച്ചു. ഇൻഫോപാർക്കിന്റെ പരിസര പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന അതിഥി തൊഴിലാളികളുടെ ബാഹുല്യവും കണക്കിലെടുക്കേണ്ടതാണ്. ഇത്തരം വ്യക്തികളിൽ നിന്നും സ്ത്രീകൾക്കുനേരെ ധാരാളം അതിക്രമങ്ങൾ നേരിടേണ്ടി വരുന്നതായി സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. പ്രവർത്തനക്ഷമമായ സി.സി.ടി.വി. ക്യാമറകളുടെയും തെരുവുവിളക്കുകളുടെയും അഭാവം ഇപ്രകാരമുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതിന് മുഖ്യ കാരണമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പ്രധാന വഴികളിലും സെൻസിറ്റീവ് ഏരിയകളിലും സ്ട്രീറ്റ് ലൈറ്റുകൾ അടിയന്തരമായി സ്ഥാപിക്കണമെന്നും ഇതിനായി കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് വിഹിതം ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിക്കണമെന്നും ഇതുകൂടാതെ വാഹന നമ്പർ ഉൾപ്പെടെ വ്യക്തമാകുന്ന

തരത്തിലുള്ള സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കണമെന്നും അവ പ്രവർത്തനക്ഷമമാണെന്ന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണമെന്നും അതോടൊപ്പം തന്നെ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളെ മാത്രമേ ഐ.ടി. പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താൻ പാടുള്ളുവെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. നിയമപരിരക്ഷയും പോലീസ് സംവിധാനവും നിലവിലുണ്ടെങ്കിലും സ്വരക്ഷയ്ക്കായി സ്ത്രീകൾ സ്വയംപര്യാപ്തത നേടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ത്രീകൾക്ക് ദൈനംദിന ജീവിതത്തിൽ നേരിടേണ്ടിവരുന്ന അതിക്രമങ്ങളിൽ നിന്നും സ്വയരക്ഷ നേടുന്നതിന് കായികവും മാനസികവുമായ പ്രതിരോധ തന്ത്രങ്ങൾ സ്വായത്തമാക്കേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. ഒരു സ്ത്രീയുടെ ആത്മവിശ്വാസം ഉയർത്തുന്നതിനും സ്വരക്ഷയ്ക്ക് അവളെ പ്രാപ്തയാക്കുന്നതിനും സ്വയരക്ഷാ പരിശീലനങ്ങൾ അനിവാര്യമാണ്. ആയതിനാൽ ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാർക്കായി ആഭ്യന്തര വകുപ്പിന്റെ മേൽനോട്ടത്തിൽ സ്വയരക്ഷാ പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനാവശ്യമായ സഹായങ്ങൾ പാർക്ക് മാനേജ്മെന്റ് ചെയ്തുകൊടുക്കേണ്ടതാണ്.

39. വനിതാ ജീവനക്കാരുടെ സുരക്ഷയ്ക്കായി അടിയന്തരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള ഹെൽപ്പ് ലൈൻ നമ്പറുകൾ നിലവിലുണ്ടെങ്കിലും കൂടുതൽ വനിതാ ജീവനക്കാർക്കും ഇതിനെക്കുറിച്ചുള്ള അവബോധമില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പോലീസിന്റെ സഹായം ലഭിക്കുന്നതിനുള്ള നമ്പറുകളായ പിങ്ക് പോലീസ് നമ്പർ 1515, നിഴൽ 112 (രാത്രിയിൽ വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷിത സഹായം എത്തിക്കുന്നതിനുള്ള കേരള പോലീസ് സംവിധാനം), വനിതാ ഹെൽപ്പ് ലൈൻ നമ്പർ 1091 എന്നിവ ഐ.ടി. പാർക്കുകളിലും പരിസര പ്രദേശങ്ങളിലും പ്രദർശിപ്പിക്കണമെന്നും ഇതിനെക്കുറിച്ച് ജീവനക്കാർക്ക് അവബോധം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു

40. ഐ.ടി. പാർക്കുകൾക്ക് സമീപമുള്ള പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് ഓഫീസർമാരുടെ കുറവുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം സ്റ്റേഷനുകളിൽ മതിയായ എണ്ണം വനിതാ പോലീസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. സമൂഹത്തിൽ ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവരെ മുഖ്യധാരയിലെത്തിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നിരിക്കെ കഠിനമായ പ്രതിസന്ധികളെ നേരിട്ട് സാങ്കേതിക വിദ്യാഭ്യാസം സ്വായത്തമാക്കി ഇത്തരത്തിൽ ഐ.ടി. മേഖലയിൽ പ്രവൃത്തിചെയ്യുന്ന ജീവനക്കാർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകേണ്ടത് അത്യാവശ്യമാണ്. തിരുവനന്തപുരം ടെക്നോപാർക്കിൽ ബധിരരായ ജീവനക്കാർക്ക്

അടിയന്തര ഘട്ടങ്ങളിൽ മറ്റ് ജീവനക്കാരുമായോ മാനേജ്മെന്റുമായോ ആശയവിനിമയം നടത്താൻ സാധിക്കാത്ത സാഹചര്യം ഉള്ളതായും ഇതിന് പരിഹാരമായി ഇന്റർപ്രെട്ടറുടെ സേവനം ലഭ്യമാക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി കരുതുന്നു. ആയതിനാൽ പാർക്ക് അധികൃതർ 'നിഷ്'മായി സഹകരിച്ച് ബധിരരായ ജീവനക്കാരുടെ സഹായത്തിനായി ഇന്റർപ്രെട്ടറുടെ സേവനം ഐ.ടി. പാർക്കുകളിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ ജോലിക്ക് നിയോഗിക്കപ്പെടുന്ന സ്ത്രീ ജീവനക്കാർക്ക് സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ സുരക്ഷിതമായ യാത്രാസൗകര്യം ഏർപ്പെടുത്തണമെന്ന് ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പല ഐ.ടി. കമ്പനികളും പ്രസ്തുത നിയമം പാലിക്കുന്നില്ല. രാത്രി ഷിഫ്റ്റ് സംവിധാനം നിലനിൽക്കുന്ന കമ്പനികളിൽ ജോലി സ്ഥലത്തേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം കമ്പനികളുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ ഐ.ടി. കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ജീവനക്കാർക്കായി ഗതാഗത സൗകര്യം ഏർപ്പെടുത്തണമെന്നും കൂടാതെ ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ രാത്രികാലങ്ങളിൽ 'എസ്കോർട്ട് സംവിധാനം' ഏർപ്പെടുത്തണമെന്നും ആയതിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

43. തിരുവനന്തപുരം ടെക്നോപാർക്ക് ജീവനക്കാരുടെ യാത്രാ സൗകര്യാർത്ഥം റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻഡ്, പാർക്കിന്റെ രണ്ട് മൂന്ന് കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ടെക്നോപാർക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ 'ടെക്നോ എക്സ്പ്രസ്സ്' എന്ന പേരിൽ ഒരു ബസ് സർവ്വീസ് നിലവിലുണ്ടായിരുന്നതായും പ്രസ്തുത സർവ്വീസ് പ്രവർത്തനച്ചെലവ് വഹിക്കാൻ സാധിക്കാത്തതുകൊണ്ട് നിർത്തലാക്കിയതുമായി ജീവനക്കാരുമായുള്ള ആശയവിനിമയ വേളയിൽ സമിതിയ്ക്ക് ബോദ്ധ്യമായി. ആയതിനാൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സംവിധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ കർശന നിയന്ത്രണത്തിലുള്ളതും ജി.പി.എസ്./പാനിക് ബട്ടൺ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുന്നതുമായ ഒരു ഓൺലൈൻ ഓട്ടോ/ടാക്സി ഹയറിംഗ് പ്ലാറ്റ്ഫോം സ്റ്റാർട്ട് അപ്പ് സംവിധാനത്തിന്റെ സഹായത്തോടെ സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ജീവനക്കാരുടെ യാത്രാ സൗകര്യാർത്ഥം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഫേസ്-2, ഫേസ്-3 എന്നിവിടങ്ങളിൽ പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. ഐ.ടി. മേഖലയിൽ അവധി ദിവസങ്ങളിലും രാത്രി വൈകിയുമൊക്കെ ജോലി ചെയ്യേണ്ടി വരുന്നത് പതിവാണ്. ഈ സമയത്ത് സ്ത്രീ ജീവനക്കാരുടെ സുരക്ഷയുടെ ഉത്തരവാദിത്വം കമ്പനികൾക്കാണ്. ആയതിനാൽ അരക്ഷിതമായ സാഹചര്യത്തിൽ സ്ത്രീകൾ ഒറ്റയ്ക്ക് ജോലി ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ഐ.ടി. പാർക്കുകൾക്കുള്ളിലെ ഭൗതിക സുരക്ഷിതത്വമായിരുന്നു രാത്രിയും പകലും പണിയെടുക്കുന്ന ഐ.ടി. മേഖലയിലെ ജീവനക്കാർ അഭിമാനപൂർവ്വം വിശ്വസിച്ചിരുന്നത് . എന്നാൽ നിയതമായ ജോലി സമയം നിഷ്കർഷിക്കാൻ ബുദ്ധിമുട്ടുള്ള പ്രസ്തുത തൊഴിൽ മേഖലയിലെ സുരക്ഷിതത്വമില്ലായ്മ വെളിപ്പെടുത്തുന്നതാണ് പൂന ഇൻഫോസിസ് കമ്പനിയിലെ മലയാളി ജീവനക്കാരിയുടെ ദാരുണമായ കൊലപാതകമെന്ന് സമിതി വിലയിരുത്തുന്നു. ഐ.ടി. പാർക്കുകളിൽ ശുചീകരണം, സുരക്ഷ, ഗതാഗതം, എന്നീ പ്രവൃത്തികളെല്ലാം കരാർ തൊഴിലാളികളാണ് ചെയ്തുവരുന്നത്. ഇവർക്കുള്ള ഏക യോഗ്യത ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റ് മാത്രമാണ്. ഈ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ മറ്റ് യാതൊരുവിധ പരിശോധനകളുമില്ലാതെ ഏത് അതിസുരക്ഷാ മേഖലയിലും ഇവർക്ക് ജോലി ചെയ്യാമെന്നുള്ളതാണ് വസ്തുത. രാപകലന്യേ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളിൽ മേൽപ്പറഞ്ഞ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന ജീവനക്കാർ വിശ്വാസയോഗ്യരാണെന്നുള്ളതും അവർക്ക് മറ്റ് ക്രിമിനൽ പശ്ചാത്തലമില്ലെന്നുള്ളതും ബന്ധപ്പെട്ട സ്ഥാപനങ്ങൾ അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഐ.ടി. മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും ഒഴിവാക്കുന്നതിനായി ശുചീകരണം, സുരക്ഷ, ഗതാഗതം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി നിയോഗിക്കുന്ന എല്ലാ ജീവനക്കാരുടെയും യോഗ്യതയും മുൻകാല പശ്ചാത്തലവും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഏതെങ്കിലും തരത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ ഇത്തരം ജോലികളിൽ നിയോഗിക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നും ഇത് പാർക്ക് അധികൃതർ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

48. 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ പ്രകാരം അൻപത് തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം സ്ഥാപനത്തിൽ നിന്നും ഇരുപത്തിയഞ്ച് കിലോമീറ്ററിൽ കൂടുതലാണെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. രാജ്യത്തിലെ

പലഭാഗത്തുനിന്നുള്ള ധാരാളം വനിതകൾ ഐ.ടി. പാർക്കുകളിൽ ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവിടെ ജോലിചെയ്യുന്ന വനിതാ ജീവനക്കാർക്ക് സർക്കാർ മേൽനോട്ടത്തിൽ സുരക്ഷിതമായ താമസസൗകര്യങ്ങൾ നിലവിലില്ല. ഇത് മുതലെടുത്ത് ഐ.ടി. പാർക്കുകളുടെ പരിസര പ്രദേശങ്ങളിൽ ധാരാളം സ്വകാര്യ ഹോസ്റ്റൽ/പേയിങ് ഗസ്റ്റ് സൗകര്യങ്ങൾ കൂണുപോലെ മുളച്ചുപൊന്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജീവനക്കാരുടെ കൈയിൽ നിന്നും അമിത ഫീസ് ഇവർ ഈടാക്കുന്നുണ്ടെങ്കിലും മാലിന്യസംസ്കരണം, സുരക്ഷ, ലൈസൻസ് എന്നിവയുൾപ്പെടെ യാതൊരു വിധത്തിലുള്ള നിയമപരമായ മാനദണ്ഡങ്ങളും പാലിക്കാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് സർക്കാരിനോ ബന്ധപ്പെട്ട വകുപ്പുകൾക്കോ യാതൊരു വിശദാംശങ്ങളും ലഭ്യമല്ല. ഹോസ്റ്റലുകൾക്കും പേയിങ് ഗസ്റ്റ് സംവിധാനത്തിനും ലൈസൻസ് വേണമെന്നത് നിർബന്ധമാണെങ്കിലും ഭൂരിഭാഗം ഹോസ്റ്റലുകൾക്കും ഇത്തരത്തിൽ ലൈസൻസ് ഇല്ല എന്നതാണ് വസ്തുത. എത്ര താമസക്കാരുണ്ടെങ്കിലും സുരക്ഷയ്ക്കായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താറില്ല. സുരക്ഷാ ജീവനക്കാരോ അടിയന്തര ഘട്ടങ്ങളിൽ ആശുപത്രിയിൽ പോകാനുള്ള സംവിധാനം പോലും ഭൂരിഭാഗം സ്ഥലങ്ങളിലും ലഭ്യമല്ല. ഭൂരിഭാഗം ഹോസ്റ്റലുകളിലും പേയിങ് ഗസ്റ്റ് സംവിധാനത്തിലും നിരീക്ഷണ ക്യാമറകൾ പോലും നിലവിലില്ല. ഈ മേഖലയിലെ വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം സർക്കാരിന്റെ ഉത്തരവാദിത്വമായതിനാൽ ഐ.ടി. പാർക്കുകളിലെ വനിതാ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ കൂടുതൽ താമസസൗകര്യം ഏർപ്പെടുത്തണമെന്നും ഇതിനായി ഐ.ടി. സെക്ടറിന് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. പേയിങ് ഗസ്റ്റ്, ഹോസ്റ്റൽ എന്നിവിടങ്ങളിലെ ഭക്ഷണം, മറ്റ് പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ പരിശോധന നടത്തുന്നതിന് തിരുവനന്തപുരം നഗരസഭയുടെ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വ്യാഴാഴ്ചകളിലും പ്രത്യേക വനിതാ സ്ക്വാഡിന്റെ സേവനവും നൽകുന്നുണ്ടെന്നും പരാതികൾ ഫോണിലൂടെ അറിയിക്കുന്നതിനായി 9496434517 എന്ന നമ്പർ നിലവിലുണ്ടെന്നും എന്നാൽ ഇത്തരം സേവനങ്ങളെക്കുറിച്ച് ടെക്നോപാർക്ക് ജീവനക്കാരുടെ ഇടയിൽ വേണ്ട അവബോധം ഇല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സേവനങ്ങളെക്കുറിച്ച് ടെക്നോപാർക്കിലെ ജീവനക്കാരുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സ്വകാര്യ ഹോസ്റ്റൽ/പേയിങ് ഗസ്റ്റ് സ്ഥാപനങ്ങൾക്ക് ലൈസൻസ് കർശനമാക്കണമെന്നും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

50. പരിമിതികളെ അതിജീവിക്കാൻ ശ്രമിക്കുന്ന ഭിന്നശേഷി വിഭാഗത്തിന്റെ കൈപിടിച്ചുയർത്താൻ സമൂഹത്തിനും സർക്കാരിനും ബാദ്ധ്യതയുണ്ട്. സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ബസ്-റെയിൽവേ സ്റ്റേഷനുകൾ, സിനിമാ ഹാളുകൾ മുതലായവയിൽ ഭിന്നശേഷിക്കാർക്ക് പ്രയാസമില്ലാതെ സഞ്ചരിക്കുന്നതിന് സാഹചര്യങ്ങളില്ലെന്ന് മനസ്സിലാക്കിയ സമിതി പടിക്കെട്ടുകളുള്ള എല്ലാ ബഹുനില ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും കൈവരിയില്ലാത്ത പടിക്കെട്ടുകൾക്ക് ഒരു വശത്തെങ്കിലും കൈവരി നിർബന്ധമാക്കണമെന്നും ലിഫ്റ്റ് സൗകര്യമില്ലാത്ത ഇത്തരം സ്ഥലങ്ങളിൽ ചെലവ് കുറഞ്ഞതും ഭിന്നശേഷിസൗഹൃദ റാംപുകൾ കൂടി നിർമ്മിക്കണമെന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളിലും ഭിന്നശേഷി സൗഹൃദ റാംപ് നിർബന്ധമാക്കിയിട്ടുള്ളതുമാണ്. ഐ.ടി. പാർക്കുകളിലെ പഴയ കെട്ടിടങ്ങളിൽ ഭിന്നശേഷിക്കാർക്കായി നിലവിൽ റാംപ് സൗകര്യമില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഐ.ടി. പാർക്കുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഐ.ടി. പാർക്കുകളിലും ഭിന്നശേഷിക്കാർക്കായി റാംപ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

51. 1936-ലെ പേയ്മെന്റ് ഓഫ് വേജ് ആക്ട് , 1948-ലെ മിനിമം വേജസ് ആക്ട് , 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നിവ സംയോജിപ്പിച്ചുകൊണ്ട് 2019-ലെ കോഡ് ഓഫ് വേജ് ആക്ട് എന്ന പുതിയ നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാർ രൂപം നൽകുകയുണ്ടായി. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന നിയമങ്ങളിൽ സമൂലമായ പരിഷ്കരണം കൊണ്ടുവരുന്ന പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് പ്രാമുഖ്യം നൽകുന്നതായിരിക്കണമെന്ന് സംസ്ഥാന തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു. <u>ആയതിനാൽ കോഡ് ഓഫ് വേജസ് ആക്ടിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ സംസ്ഥാന സർക്കാർ ഇക്കാര്യം പ്രത്യേകം പരിഗണിക്കണമെന്നും അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഐ.ടി. തൊഴിൽ മേഖലയിലെ ജീവനക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

52. കേരളത്തിലെ തൊഴിൽ മേഖലകൾ പ്രധാനമായും അനൗപചാരിക മേഖല, പരമ്പരാഗത വ്യവസായ മേഖല, ഉൽപ്പാദന മേഖല എന്നിങ്ങനെ പൊതുവെ തരംതിരിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളെ നിയന്ത്രിക്കുന്ന തൊഴിൽ നിയമങ്ങളാണ് നമ്മുടെ രാജ്യത്ത് പൊതുവെ നിലനിൽക്കുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ഐ.ടി./ ഐ.ടി. അനുബന്ധ വ്യവസായ മേഖലയിൽ മേൽപ്പറഞ്ഞ നിയമങ്ങൾ എല്ലാം പൂർണ്ണമായി ഉപയോഗിക്കാൻ കഴിയില്ല എന്നത് വസ്തുതയാണ്. ഐ.ടി. മേഖലയിൽ ജോലിചെയ്യുന്നവർ

അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് തൊഴിൽ സുരക്ഷിതത്വമില്ലായ്മ. ഈ മേഖലയുടെ സവിശേഷതയും തൊഴിലിന്റെ സങ്കീർണ്ണതയും ചേർന്നൊരുക്കുന്ന കെട്ടുറപ്പില്ലാത്ത ഭൗതിക ചുറ്റുപാടിൽ ഇതര തൊഴിൽ മേഖലകളിൽ ബാധകമാകുന്ന എല്ലാ സുനിശ്ചിതമായ തൊഴിൽ നിയമങ്ങളും ഇവിടെ പ്രയോഗിക്കാൻ ആകില്ല. നിലവിൽ ഐ.ടി. മേഖലയ്ക്കായി പ്രത്യേക നിയമങ്ങൾ ഒന്നുംതന്നെയില്ല. വ്യാപാര വാണിജ്യ സ്ഥാപന നിയമത്തിന്റെ പരിധിയിലാണ് ഐ.ടി. മേഖല ഉൾപ്പെടുക. അതിനാൽ പുതുതായി രൂപംകൊണ്ട ഐ.ടി./ഐ.ടി. അനുബന്ധ തൊഴിൽ മേഖലയുടെ അനന്യമായ തൊഴിൽ സാഹചര്യം കണക്കിലെടുത്ത് ഈ മേഖലയിലെ തൊഴിലാളികളുടെ പ്രത്യേകിച്ച് വനിതാ ജീവനക്കാരുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഇതിനുതകുന്ന തൊഴിൽ നിയമങ്ങൾ പുതുതായി നിർമ്മിക്കുന്നതിന്റെ ആവശ്യകത സർക്കാർ പഠന വിധേയമാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയ്ക്ക് പ്രത്യേകമായി പുതിയ തൊഴിൽ നിയമങ്ങൾ രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

<u>അനുബന്ധം</u>

## സമിതിയുടെ ശിപാർശകൾ

| ക്രമ നമ്പർ | ശിപാർശ | ഖണ്ഡിക |
|---|---|---|
| 1 | 2 | 3 |
| 1 | സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് യഥാസമയം തൊഴിൽ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 15 |
| 2 | 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് നിഷ്കർഷിക്കുന്ന എല്ലാവിധ അവകാശങ്ങളും ആനുകൂല്യങ്ങളും ഐ.ടി. മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഈ നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 16 |
| 3 | നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള ശിശുപരിപാലന കേന്ദ്രങ്ങൾ തൊഴിലിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. എന്നാൽ സർക്കാരിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രത്യേകം ക്രഷ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് സ്ത്രീജീവനക്കാർക്ക് പൊതുവായി സൗകര്യപ്രദമായ രീതിയിൽ ശിശുപരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഇത്തരം സേവനം പ്രയോജനപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന പ്രകാരം 'ക്രഷ് സെസ്സ് ' ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 18 |

| 1 | 2 | 3 |
|---|---|---|
| 4 | സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ടെക്നോപാർക്കിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഐ.ടി. വകുപ്പ് സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 20 |
| 5 | ടെക്നോപാർക്കിലെ ആശുപത്രിയിൽ ഒരു ശിശുരോഗവിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 21 |
| 6 | കോഴിക്കോട് സൈബർ പാർക്കിൽ സ്ത്രീ ജീവനക്കാരുടെ സൗകര്യാർത്ഥം ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 22 |
| 7 | ഐ.ടി. മേഖലയിലെ പ്രസവാവധി കഴിഞ്ഞെത്തുന്ന സ്ത്രീ തൊഴിലാളികൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യത്തിനായി നടന്നുപോകാനുള്ള ദൂരത്തിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ഉണ്ടാകണമെന്നും സാധാരണ വിശ്രമസമയം കൂടാതെ രണ്ട് നഴ്സിംഗ് ബ്രേക്ക് അനുവദിക്കണമെന്നും നിയമം നിലനിൽക്കെ സമയനഷ്ടം ഒഴിവാക്കുന്നതിനായി ഐ.ടി. പാർക്കുകളിലെ വൻകിട കമ്പനികളിൽ ലാക്ടേഷൻപോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സമിതി മുൻപാകെ പരാതി ലഭിച്ചിട്ടുണ്ട്. മുലപ്പാൽ നേരിട്ട് നൽകുന്നതിലൂടെ അമ്മയും കുഞ്ഞും തമ്മിലുണ്ടാകുന്ന വൈകാരികബന്ധം ഇല്ലാതാക്കുന്ന ഇത്തരം നടപടി യാതൊരു തരത്തിലും നീതികരിക്കാനാകുന്നതല്ല. ആയതിനാൽ മനുഷ്യത്വരഹിതമായ ഇത്തരം നടപടികളിൽ നിന്നും ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ പാർക്ക് അധികൃതർ പിന്തിരിപ്പിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. | 23 |
| 8 | സ്കിൽ അപ്ഗ്രഡേഷന്റെ അഭാവംമൂലം സ്ത്രീ ജീവനക്കാർ തൊഴിൽ മേഖലയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികൾ മറികടക്കുന്നതിനായി ഇവർക്ക് സാങ്കേതികവിദ്യയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിശീലനത്തിലൂടെ ലഭ്യമാക്കി തൊഴിൽസുരക്ഷ ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ പാർക്ക് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 24 |

| 1 | 2 | 3 |
|---|---|---|
| 9 | പരാതി ലഭിച്ചാലും ഇല്ലെങ്കിലും നിയമം അനുശാസിക്കുന്ന പ്രകാരം ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ യോഗം ചേരേണ്ടത് അത്യന്താപേക്ഷിതമാണെന്നും അപ്രകാരം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഏതെങ്കിലും ഒരു സ്ഥാപനത്തിൽ സ്ത്രീ ജീവനക്കാരുടെ എണ്ണം പത്തിൽ കുറവാകുന്ന പക്ഷം ഒന്നിലധികം കമ്പനികളുടെ കൺസോർഷ്യമുണ്ടാക്കി ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 25 |
| 10 | സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള 'ഷീബോക്സ്' സംവിധാനത്തെപ്പറ്റി വനിതാ ജീവനക്കാർക്ക് ഇടയിൽ സാമൂഹ്യമാധ്യമങ്ങൾ വഴിയും അല്ലാതെയും അവബോധം സൃഷ്ടിക്കുകയും അതുവഴി പരാതികൾ അധികാരികളിലേയ്ക്ക് എത്തിക്കുന്നതിന് അവർക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 26 |
| 11 | ഗ്രീവൻസ് സെൽ സംബന്ധിച്ച വിശദാംശങ്ങളും ഗ്രീവൻസ് സെല്ലിന്റെ പ്രവർത്തന വ്യാപ്തിയും സംബന്ധിച്ച് ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന് പാർക്ക് അധികൃതർ നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം തന്നെ ഇത്തരത്തിൽ രൂപീകരിക്കുന്ന ഗ്രീവൻസ് സെല്ലിൽ ജീവനക്കാരുടെ ഒരു പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്നും സെല്ലിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 27 |
| 12 | ഐ.ടി. മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 155214, 18004255214 എന്നീ ടോൾഫ്രീ നമ്പറുകൾ പാർക്കിൽ പ്രദർശിപ്പിക്കണമെന്നും അവ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് മുൻകയ്യെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 28 |

| 1 | 2 | 3 |
|---|---|---|
| 13 | ജീവനക്കാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അതുവഴി അവരുടെ വ്യക്തിജീവിതവും കുടുംബ ജീവിതവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിലിംഗ്/യോഗ പോലുള്ള സേവനങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് പാർക്ക് അധികൃതർ മുൻകയ്യെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 29 |
| 14 | ഐ.ടി. മേഖലയിലെ വിവിധ കമ്പനികളിൽ ഉയർന്ന തസ്തികകളിലെ വനിതാ പ്രാതിനിധ്യം തുലോം കുറവാണെന്നും പ്രസ്തുത മേഖലയിൽ ജീവനക്കാർക്ക് തൊഴിൽ പരിശീലനം/പ്രൊമോഷൻ, On sight Project/Visa എന്നിവ ലഭിക്കുന്നതിലും ലിംഗസമത്വം പാലിക്കപ്പെടുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ലിംഗ വിവേചനം കാട്ടുന്ന നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 31 |
| 15 | തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിച്ച് സ്ത്രീസൗഹൃദ അന്തരീക്ഷം നിലനിർത്തുന്ന ഐ.ടി. സ്ഥാപനങ്ങളെ ഓരോ വർഷവും നടത്തുന്ന സ്വതന്ത്ര പരിശോധനയിൽ കണ്ടെത്തി അവയിൽ ഏറ്റവും മികച്ച സ്ഥാപനത്തിന് അവാർഡ് നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 32 |
| 16 | ജീവനക്കാരെ തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചുവിടുന്നതിന് മുൻപായി നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കണമെന്നും പിരിച്ചുവിടൽ ഉത്തരവിൽ കാരണം വ്യക്തമായി സൂചിപ്പിക്കണമെന്നും ജീവനക്കാരുടെ പെർഫോമൻസ് വിലയിരുത്തുന്നതിന് കമ്പനികൾ പൊതുവായ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നും ഇക്കാര്യം വിലയിരുത്തുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും പെർഫോമൻസ് ഇവാല്യുവേഷൻ സുതാര്യമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 33 |

| 1 | 2 | 3 |
|---|---|---|
| 17 | വിവരസാങ്കേതിക മേഖലയ്ക്ക് അനുയോജ്യമാകുന്ന രീതിയിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ ബോർഡ് വഴി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 34 |
| 18 | ഐ.ടി.മേഖലയിലെ തൊഴിലാളികൾക്ക് നിയമാനുസൃതമായി നൽകേണ്ട പ്രോവിഡന്റ് ഫണ്ട്, ഇൻഷ്വറൻസ്, ഗ്രാറ്റുവിറ്റി എന്നിവ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ കർശന പരിശോധനകളും നടപടികളും തൊഴിൽ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 35 |
| 19 | ഐ.ടി. പാർക്കുകളുടെ പരിസരപ്രദേശത്ത് വനിതാ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി കൂടുതൽ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, പിങ്ക് പട്രോളിംഗ് എന്നിവ ഏർപ്പെടുത്തണമെന്നും വനിതാ ജീവനക്കാർക്ക് കൂടുതൽ സുരക്ഷ ഏർപ്പെടുത്തുന്നതിനായി ഒരു വനിതാ ഹെൽപ്പ് ഡെസ്ക് പാർക്കുകളിൽ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 36 |
| 20 | ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പ്രധാന വഴികളിലും സെൻസിറ്റീവ് ഏരിയകളിലും സ്ട്രീറ്റ് ലൈറ്റുകൾ അടിയന്തരമായി സ്ഥാപിക്കണമെന്നും ഇതിനായി കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് വിഹിതം ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിക്കണമെന്നും ഇതുകൂടാതെ വാഹന നമ്പർ ഉൾപ്പെടെ വ്യക്തമാകുന്ന തരത്തിലുള്ള സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കണമെന്നും അവ പ്രവർത്തനക്ഷമമാണെന്ന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണമെന്നും അതോടൊപ്പം തന്നെ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളെ മാത്രമേ ഐ.ടി. പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താൻ പാടുള്ളുവെന്നും സമിതി ശിപാർശ ചെയ്യുന്നു. | 37 |

| 1 | 2 | 3 |
|---|---|---|
| 21 | ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാർക്കായി ആഭ്യന്തര വകുപ്പിന്റെ മേൽനോട്ടത്തിൽ സ്വയരക്ഷാ പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനാവശ്യമായ സഹായങ്ങൾ പാർക്ക് മാനേജ്മെന്റ് ചെയ്തുകൊടുക്കേണ്ടതാണ്. | 38 |
| 22 | പോലീസിന്റെ സഹായം ലഭിക്കുന്നതിനുള്ള നമ്പറുകളായ പിങ്ക് പോലീസ് നമ്പർ 1515, നിഴൽ 112 (രാത്രിയിൽ വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷിത സഹായം എത്തിക്കുന്നതിനുള്ള കേരള പോലീസ് സംവിധാനം), വനിതാ ഹെൽപ്പ് ലൈൻ നമ്പർ 1091 എന്നിവ ഐ.ടി. പാർക്കുകളിലും പരിസര പ്രദേശങ്ങളിലും പ്രദർശിപ്പിക്കണമെന്നും ഇതിനെക്കുറിച്ച് ജീവനക്കാർക്ക് അവബോധം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു | 39 |
| 23 | ഐ.ടി.പാർക്കുകൾക്ക് സമീപമുള്ള പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് ഓഫീസർമാരുടെ കുറവുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം സ്റ്റേഷനുകളിൽ മതിയായ എണ്ണം വനിതാ പോലീസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | 40 |
| 24 | പാർക്ക് അധികൃതർ 'നിഷ്'മായി സഹകരിച്ച് ബധിരരായ ജീവനക്കാരുടെ സഹായത്തിനായി ഇന്റർപ്രെട്ടറുടെ സേവനം ഐ.ടി. പാർക്കുകളിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 41 |
| 25 | ഐ.ടി. കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ജീവനക്കാർക്കായി ഗതാഗത സൗകര്യം ഏർപ്പെടുത്തണമെന്നും കൂടാതെ ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ രാത്രികാലങ്ങളിൽ 'എസ്കോർട്ട് സംവിധാനം' ഏർപ്പെടുത്തണമെന്നും ആയതിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 42 |

| 1 | 2 | 3 |
|---|---|---|
| 26 | സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 'ടെക്നോ എക്സ്പ്രസ്സ്' എന്ന ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 43 |
| 27 | സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ കർശന നിയന്ത്രണത്തിലുള്ളതും ജി.പി.എസ്./പാനിക് ബട്ടൺ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുന്നതുമായ ഒരു ഓൺലൈൻ ഓട്ടോ/ടാക്സി ഹയറിംഗ് പ്ലാറ്റ്ഫോം സ്റ്റാർട്ട് അപ്പ് സംവിധാനത്തിന്റെ സഹായത്തോടെ സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 44 |
| 28 | ജീവനക്കാരുടെ യാത്രാ സൗകര്യാർത്ഥം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഫേസ്-2, ഫേസ്-3 എന്നിവിടങ്ങളിൽ പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 45 |
| 29 | അരക്ഷിതമായ സാഹചര്യത്തിൽ സ്ത്രീകൾ ഒറ്റയ്ക്ക് ജോലി ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 46 |
| 30 | ഐ.ടി. മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും ഒഴിവാക്കുന്നതിനായി ശുചീകരണം, സുരക്ഷ, ഗതാഗതം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി നിയോഗിക്കുന്ന എല്ലാ ജീവനക്കാരുടെയും യോഗ്യതയും മുൻകാല പശ്ചാത്തലവും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഏതെങ്കിലും തരത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ ഇത്തരം ജോലികളിൽ നിയോഗിക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നും ഇത് പാർക്ക് അധികൃതർ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 47 |
| 31 | ഐ.ടി. പാർക്കുകളിലെ വനിതാ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ കൂടുതൽ താമസസൗകര്യം ഏർപ്പെടുത്തണമെന്നും ഇതിനായി ഐ.ടി. സെക്ടറിന് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 48 |

| 1 | 2 | 3 |
|---|---|---|
| 32 | പേയിങ് ഗസ്റ്റ് സംവിധാനം, ഹോസ്റ്റലുകൾ എന്നിവയെക്കുറിച്ചുള്ള പരാതികളിന്മേൽ പരിശോധന നടത്തുന്നതിന് പ്രവർത്തിക്കുന്ന തിരുവനന്തപുരം നഗരസഭയുടെ സ്ക്വാഡിന്റെ സേവനങ്ങളെക്കുറിച്ച് ടെക്നോപാർക്കിലെ ജീവനക്കാരുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സ്വകാര്യ ഹോസ്റ്റൽ/പേയിങ് ഗസ്റ്റ് സ്ഥാപനങ്ങൾക്ക് ലൈസൻസ് കർശനമാക്കണമെന്നും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 49 |
| 33 | ഐ.ടി. പാർക്കുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഐ.ടി. പാർക്കുകളിലും ഭിന്നശേഷിക്കാർക്കായി റാംപ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 50 |
| 34 | കോഡ് ഓഫ് വേജസ് ആക്ടിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ സർക്കാർ പ്രത്യേകം പരിഗണിക്കണമെന്നും അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഐ.ടി. തൊഴിൽ മേഖലയിലെ ജീവനക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 51 |
| 35 | പുതുതായി രൂപംകൊണ്ട ഐ.ടി./ഐ.ടി. അനുബന്ധ തൊഴിൽ മേഖലയുടെ അനന്യമായ തൊഴിൽ സാഹചര്യം കണക്കിലെടുത്ത് ഈ മേഖലയിലെ തൊഴിലാളികളുടെ പ്രത്യേകിച്ച് വനിതാ ജീവനക്കാരുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഇതിനുതകുന്ന തൊഴിൽ നിയമങ്ങൾ പുതുതായി നിർമ്മിക്കുന്നതിന്റെ ആവശ്യകത സർക്കാർ പഠന വിധേയമാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയ്ക്ക് പ്രത്യേകമായി പുതിയ തൊഴിൽ നിയമങ്ങൾ രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 52 |